ഉത്തരം

(എ) സെക്രട്ടറിതലത്തിലുള്ള ഉദ്യോഗസ്ഥർ ഒഴികെ ധനകാര്യ മാനേജ്മെന്റിൽ പ്രൊഫഷണൽ യോഗ്യതയുള്ള മറ്റാരും തന്നെയില്ല.

(ബി) ഗവൺമെന്റിന്റെ ഒരു പ്രധാന വകുപ്പായ ധനകാര്യവകുപ്പിന്റെ പ്രവർത്തനം പൊതുമേഖലാസ്ഥാപനങ്ങളിലെ മാനേജ്മെന്റിൽനിന്നും തികച്ചും വ്യത്യസ്തമാണ്. ഈ വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിന് ധനകാര്യ മാനേജ്മെന്റിൽ പ്രത്യേക യോഗ്യതയുള്ളവരുടെ അഭാവം ന്യൂനതയായി കാണുന്നില്ല.

(സി) അത്യന്താപേക്ഷിതമല്ല. എന്നാൽ ഇൻ-സർവ്വീസ് ട്രെയിനിംഗ് ആവശ്യാനുസരണം ഉദ്യോഗസ്ഥർക്ക് നൽകുന്നുണ്ട്. ഇതിൽ ധനകാര്യ മാനേജ്മെന്റും ഉൾപ്പെടും.

(ഡി) അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത സർവ്വകലാശാല ബിരുദമാണ്.

12 (3338) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തിലുള്ള അപാകതകൾ പരിഹരിച്ചുത്തരവായതിൽ സംസ്ഥാന സർക്കാരിന് എന്ത് തുകയുടെ അധിക ബാദ്ധ്യതയുണ്ടാകുമെന്ന് വെളിപ്പെടുത്തുമോ;

(ബി) സർവ്വീസ് പെൻഷൻകാർ, കുടുംബ പെൻഷൻകാർ എന്നീ വിഭാഗങ്ങൾക്ക് എന്തുമാത്രം ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ടന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പ്രതിവർഷം 2.01 കോടി രൂപയുടെ അധിക സാമ്പത്തിക ബാദ്ധ്യതയുണ്ടാകും.

(ബി) 25-11-98-ലെ ജി.ഒ.(പി) 3001/98/ധന. ഉത്തരവ് പ്രകാരം നൽകിയതിനുപരി പുതിയ ആനുകൂല്യങ്ങളൊന്നും ഈ വിഭാഗക്കാർക്ക് നൽകിയിട്ടില്ല.

13 (3339) ടി.എ., മെഡിക്കൽ ക്ലെയിംസ് എന്നിവയ്ക്ക് ഫണ്ട് അനുവദിക്കുന്നതിലെ കാലതാമസം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് അർഹമായ ടി.എ., മെഡിക്കൽ ക്ലെയിമുകൾ എന്നിവ നൽകാൻ കഴിയാതെ വകുപ്പ് മേധാവികൾ ബുദ്ധിമുട്ടുകയും ജീവനക്കാരിലാകെ അസംതൃപ്തി പടരുകയും ചെയ്യുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈയിനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നതിലുള്ള കാലതാമസത്തിന് കാരണമെന്താണെന്ന് വിശദീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly